(ബി) ഇതിനായി നിലവിലുള്ള സംവിധാനങ്ങൾ കുറ്റമറ്റതാണെന്ന് കരുതുന്നുണ്ടോ; ഈ സംവിധാനങ്ങളുടെ പോരായ്മകൾ എന്തെല്ലാമാണ്; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുകയുണ്ടായി;

(സി) സംസ്ഥാനത്തിന്റെ പൊതുവായ ജലവിനിയോഗത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇപ്പോൾ ദൃശ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ജലസേചനം, കുടിവെള്ളം, ഗാർഹികാവശ്യങ്ങൾ, വ്യാവസായികാവശ്യങ്ങൾ എന്നീ മേഖലകളിലെ ജലത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഇ) ഈ മേഖലയിൽ ജലത്തിന്റെ ആവശ്യകതയിലുണ്ടായിരിക്കുന്ന ഏറ്റക്കുറിച്ചിലുകളെ സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) വൻകിട ഇടത്തരം മേഖലയിൽ ഡാമുകൾ നിർമ്മിച്ച് ജലസംഭരണം നടത്തിവരുന്നുണ്ട്. കൂടാതെ നബാർഡിന്റെ സഹായത്തോടെ നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിക്കുകയും നീർച്ചാലുകളിൽ വെള്ളം സംഭരിക്കുന്നതിന് വെന്റഡ് ക്രോസ്ബാർ, ചെക്ക് ഡാം എന്നിവ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ സംഭരിക്കുന്ന ജലം കൃഷി ഉപയുക്തമാക്കുന്നതിന് പുറമേ ഭൂഗർഭ വിതാനം ഉയർത്തുന്നതിന് സഹായിക്കുകയും ചെയ്തു. കൂടാതെ നദികളുടെ സമഗ്ര വികസനത്തിനായി കേരളത്തിന്റെ പ്രാമുഖ്യമുള്ള നദികളിൽ ഒരു റിവർബെയ്സിൻ സ്റ്റഡി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പൊതുവായ ജലവിനിയോഗത്തിൽ മാറ്റങ്ങൾ ദൃശ്യമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ മേഖലയിൽ ജലത്തിന്റെ ആവശ്യകതയെപ്പറ്റി പഠനം നടത്തിയശേഷമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ആയതിനാൽ ജലത്തിന്റെ ആവശ്യകതയിലുണ്ടായിരിക്കുന്ന ഏറ്റക്കുറച്ചിലുകളെ സംബന്ധിച്ച് പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല.

ദേശീയ നദി സംയോജന പദ്ധതി

98 [5356] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം നദികളെയാണ് ദേശീയ നദി സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പമ്പ-അച്ചൻകോവിൽ, മണിമല, മീനച്ചിൽ എന്നീ നദികളുടെ സംഗമസ്ഥാനമായ കുട്ടനാട് പ്രദേശത്തെ നെൽകൃഷിക്ക് നാശമുണ്ടാകുന്നത് പരിഗണിച്ച് പ്രസ്തുത നദികളെ നദിസംയോജന പദ്ധതിയിൽനിന്നും ഒഴിവാക്കിയെടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ കുട്ടനാട് പ്രദേശത്ത് ജനകീയ രോഷം ഉയർന്നുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ, ബി) കേരളത്തിലെ പമ്പ-അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം ദേശീയ ജലവികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ജലവികസന ഏജൻസിയുടെ പഠന റിപ്പോർട്ടിനെതിരെ കേരള സർക്കാർ ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. കൂടാതെ എൻ. ഡബ്ല്യു. ഡി. എ.-യുടെ വാർഷിക മീറ്റിംഗുകളിലും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മീറ്റിങ്ങുകളിലും സംബന്ധിച്ച കേരളത്തിന്റെ പ്രതിനിധികൾ എൻ. ഡബ്ല്യു. ഡി. എ. ഏകപക്ഷീയമായി എടുക്കുന്ന തീരുമാനങ്ങൾ കേരളത്തിന് സ്വീകാര്യമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ആസ്ഥാനമാക്കിയുള്ള ജലവിഭവ വിനിയോഗ കേന്ദ്രം നടത്തിയ പഠനത്തിൽ കേരളത്തിൽ അധിക ജലമില്ലെന്നും 2050-ാമാണ്ടോടുകൂടി രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടാൻ ഇടയുണ്ടെന്നും കാണിച്ചിരിക്കുന്നു. ഇക്കാര്യവും കൂടി കണക്കിലെടുത്ത് പമ്പ-അച്ചൻകോവിൽ എന്നീ നദികളിൽനിന്നും തമിഴ്നാട്ടിലേക്ക് ജലം തിരിച്ചുവിടാനുള്ള എൻ. ഡബ്ല്യു. ഡി. എ.-യുടെ നീക്കത്തെക്കുറിച്ച് കേരള സർക്കാർ കേന്ദ്ര ജലവിഭവ മന്ത്രിയേയും അറിയിക്കുകയും ഇത് സംബന്ധിച്ചുള്ള തുടർനടപടികൾ ഉപേക്ഷിക്കണമെന്നും എൻ. ഡബ്ല്യു. ഡി. എ.-യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 17-9-2001-ൽ തിരുവനന്തപുരത്തുവച്ച് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ അഗ്രികൾച്ചറും, സംസ്ഥാന സർക്കാരും എൻ. ഡബ്ല്യു. ഡി. എ.-യുമായി നടത്തിയ ചർച്ചയിൽ ഈ പദ്ധതി പ്രാവർത്തികമാക്കുകയാണെങ്കിൽ, കേരളത്തിനു സംഭവിച്ചേക്കാവുന്ന നഷ്ടങ്ങളും ദോഷങ്ങളും കേരള സർക്കാർ പ്രസ്തുത കമ്മിറ്റിയെ വിശദമായി ധരിപ്പിക്കുകയും ഈ പദ്ധതി ഉപേക്ഷിക്കണമെന്ന് ശക്തിയുക്തം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 26-3-2003-ൽ ന്യൂഡൽഹിയിൽവച്ച് നടന്ന എൻ. ഡബ്ല്യു. ഡി. എ.-യുടെ 19-ാം വാർഷിക പൊതുയോഗത്തിൽ പങ്കെടുത്ത കേരള ജലവിഭവ മന്ത്രി ഈ പ്രോജക്ടിന് കേരളത്തിന് യാതൊരു തരത്തിലും അംഗീകാരം നൽകാൻ കഴിയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നദീസംയോജന ടാസ്ക് ഫോഴ്സിന്റെ ചെയർമാനായ ശ്രീ. സുരേഷ്പ്രഭു ഇക്കാര്യത്തിൽ കേരളത്തിന്റെ അഭിപ്രായം ആരായുകയുണ്ടായി. 29-3-2003-ൽ മുഖ്യമന്ത്രി അയച്ച മറുപടി കത്തിൽ സംസ്ഥാനത്തിന് ഇക്കാര്യത്തിലുള്ള ശക്തമായ വിയോജിപ്പ് അറിയിച്ചിട്ടുണ്ട്. തുടർന്ന് ദേശീയ ജലവികസന ഏജൻസിയും കേരള സർക്കാരും സംയുക്തമായി ജല ലഭ്യതയെക്കുറിച്ച് ഒരു പഠനം നടത്തുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

മിനി ഹൈഡ്രോ പ്രോജക്ടുകൾ

99 [5357] ശ്രീ. കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനി ഹൈഡ്രോ പ്രോജക്ടുകളായി ഗവൺമെന്റിന്റെ പരിഗണനയിലുള്ള പ്രോജക്ടുകൾ ഏതെല്ലാം;

(ബി) ഈ പ്രോജക്ടുകൾക്ക് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയങ്ങളുടെ അനുമതി ലഭിക്കാൻ തടസ്സമുണ്ടോ;

(സി) ഏതെല്ലാം മിനി ഹൈഡ്രൽ പദ്ധതികളാണ് ഉടനെ ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പണി നടന്നുകൊണ്ടിരിക്കുന്ന ജലസേചന പദ്ധതികൾ

100 [5358] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പണിനടക്കുന്ന ജലസേചന പദ്ധതികളുടെ അടങ്കൽ തുക ഇപ്പോൾ എത്രയാണെന്നും നാളിതുവരെ എന്തു തുകയുടെ പണി ചെയ്തു എന്നും, എന്തു തുക കരാറുകാർക്ക് നൽകിയെന്നും ഓരോ പദ്ധതിയും തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയും നിശ്ചിത കാലയളവിനുള്ളിൽ പണി തീർക്കാൻ എന്തുനടപടി സ്വീകരിക്കും എന്നു വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly